# സ്ത്രൈണത: ഉപരോധവും ആവിഷ്കാരവും

## ആശാന്റെ 'ലീല'യെ ആസ്പദമാക്കിയുള്ള പഠനം

**ഡോ.നിഷ ഫ്രാൻസീസ്.ഒ**
അസി. പ്രൊഫസർ, വിമല കോളേജ്, തൃശ്ശൂർ

1911-ൽ എഴുതിത്തുടങ്ങുകയും 13-ൽ പ്രസിദ്ധീകരിക്കകയുംചെയ്ത ആശാന്റെ ഖണ്ഡകാവ്യമാണ് 'ലീല' രാഗശോകസംയോജിതമായ പ്രണയകാവ്യനാടകമാണ് ഇത്. ആശാന്റെ പ്രണയകാവ്യങ്ങൾ ആദർശധീരതയുടെ നിദർശനങ്ങൾകൂടിയാണല്ലോ. പുരുഷകേന്ദ്രീകൃതമായ സാമൂഹ്യവ്യവസ്ഥയുടെനേർക്ക് സ്ത്രൈണാവിഷ്കാരത്തിലൂടെ സാഹിത്യം ഉപരോധം സൃഷ്ടിക്കുന്നത് 'ലീല'യെ ആസ്പദമാക്കി പഠിക്കാനാണ് പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

### ലൈലാ മജ്നുനും ലീലയും

രൂപപരമായി അപഗ്രഥിച്ചാൽ അതുവരെനിലനിന്നിരുന്ന മഹാകാവ്യനാടകാദികളുടെ ഘടനയെ നിഷേധിക്കുകയും ഭാവാത്മകതയ്ക്ക് പ്രാധാന്യംനൽകുകയും ചെയ്യുന്ന 'ലീല'. കഥ കല്പിതമാണെന്ന് മുഖവുരയിൽ ആശാൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. പേർസ്യൻ കഥയായ ലൈലാ-മജ്നുന്റെ സ്വാധീനം ഈ കൃതിയിൽ ആരോപിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ആശാൻ സ്വമനസ്സാലെ അത് അംഗീകരിക്കുന്നില്ല. ആശാന്റെ തന്നെ ഭാഷയിൽപറഞ്ഞാൽ, "സെൻട്രൽ ഹിന്ദുകോളേജ് മാഗസിൻ പ്രസിദ്ധനായ ഡോ: കുമാരസ്വാമി ഉപന്യാസത്തോടുകൂടി ഒരു പേർസ്യൻ കഥാനായികയുടെ ചിത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതായി കണ്ടു. ആ ചിത്രം എന്റെ സങ്കല്പത്തെ ഉദ്ദീപിപ്പിച്ചു. എന്നാൽ കഥയെപ്പറ്റി വിസ്തരിച്ച് യാതൊന്നും ഉപന്യാസത്തിൽ ഉണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ കാവ്യം പോലെത്തന്നെ ഇതിന്റെ കഥയും സ്വന്തം ചെറിയ കല്പനാശക്തിക്കൊത്തവണ്ണം സ്വതേ നിർമ്മിക്കയാണ് ചെയ്തത്" (ലീല മുഖവുര, പു, 21). തുടർന്ന്, അന്യഭാഷകളിൽനിന്ന് പല പുസ്തകങ്ങളും രൂപാന്തരപ്പെടുത്തി സ്വന്തം പേരിൽ പ്രസിദ്ധികരിക്കുന്ന

പൊതുപ്രവണതയെ വിമർശിക്കുകയും ഇത്തരം പ്രവണത സ്വകല്പിത കഥകളെ സംശയദൃഷ്ട്യാ നീരീക്ഷിക്കുന്നതിന് കാരണമാകുന്നുവെന്ന് ചൂണ്ടികാണിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൊണ്ടൊന്നും വിശ്വാസവും തൃപ്തിയും തോന്നാതെ മലയാളികൾ എക്കാലവും ലീല-ലൈലാ/മദനൻ -മജ്നൂൻ ദ്വന്ദ്വങ്ങളിൽ പരതിനടന്ന് കഥകൾ ചമച്ചു.

പ്രണയകാവ്യം എന്ന സാദൃശ്യമൊഴിവാക്കിയാൽ യഥാർത്ഥത്തിൽ പ്രമേയപരമായി ലൈലാ മജ്നൂനിൽനിന്നും ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു, ആശാന്റെ 'ലീല'. കഥാഘടനയുടെ മികവ്, ഭാഷാശൈലി, കഥാപശ്ചാത്തലം, സംഭവപരമ്പരകൾ , വർണ്ണനാരീതി, സംഭാഷണ ചടുലത, അപഗ്രഥനാത്മകത, യുക്തിചിന്തകളുടെ പിൻബലം, ലോകനിരീക്ഷണം, തത്ത്വചിന്താപാടവം എന്നിങ്ങനെ പല വീക്ഷണങ്ങളാലും 'ലീല' യിൽ ഒരാധുനികത കുടികൊള്ളുന്നുണ്ട്. 'ലൈലാ മജ്നു'നിൽ ലൈലയ്ക്ക് പനിപിടിച്ചുമരിക്കുന്ന കഥാന്ത്യമാണെങ്കിൽ പ്രണയപരവശതയിൽനിന്ന് ഗുണവതിയായ ലീല വികാരാവേശത്താൽ ആദർശധീരയും സാഹസികയും ആയിത്തീരുന്ന രൂപാന്തരപ്രാപ്തിയാണ്. 'ലീല'യിൽ. മാത്രമല്ല, പിതാവിന്റെ തിരസ്കരണത്താൽ കാമുകനെ നഷ്ടപ്പെടുന്നവളുമാണ് ലൈല. എന്നാൽ, ലീലയാവട്ടെ ഗുരുവചനം, കുലക്രമം, 'തരുണികൾ തന്നുടെയ' സ്വതന്ത്രത ഇവ കരുതി കാമിതം മറച്ച്, കരുമന(ദുഃഖം) പൂണ്ട് ലൗകികമര്യാദകാണിച്ചവളാണ് എന്ന് കവി ഭാഷ്യം.

പ്രമേയഘടനയിൽ ഉള്ള ഇത്തരം പ്രാഥമികവ്യതിയാനങ്ങൾ പ്രകടമായിക്കാണുന്നതിനുപുറമേ, ആശാന്റെ ഭാഷ ശക്തമായ എതിർതെളിവാണ്. കരുണ, ചിന്താവിഷ്ടയായ സീത, നളിനി തുടങ്ങിയവയിലെ കാവ്യഭാഷയുടെശക്തമായ സാദൃശ്യങ്ങളും ആശാനിൽമാത്രം കാണുന്ന പദബോധവും ഈണതാളലയവും ലീലയിലും കാണുന്നു. ദുഃഖവും തത്ത്വചിന്തയും രാഗവും ദുരന്തവും വിപ്ലവവും എല്ലാം ഒരുപോലെ മേളിച്ച് കവിയുടെ സ്വേച്ഛാപരതയുടെ ആവിഷ്കാരമായി 'ലീല'യെ പരിഗണിക്കേണ്ടി വരുന്നു. പ്രാരംഭത്തിൽത്തന്നെ ഇത്തരം അപവാദചർച്ചകൾക്കൊരു മറുപടി അന്വേഷിക്കുന്നതുവഴി ലീലയുടെ സ്വതഃസിദ്ധത അനുഭവപ്പെടാൻ കഴിയുന്നു.

## പ്രണയത്തിന്റെ പാപവിമുക്തി

കേരളത്തിൽ സ്വീകരിക്കപ്പെട്ട, വൈദേശിക മതദർശനങ്ങളിലൂടെയും മറ്റും രൂപപ്പെട്ട, പാപഭീതിയിൽനിന്നും വിമുക്തയാണ് ലീല. സ്ത്രീയ്ക്ക് എക്കാലവും പ്രണയം കുറ്റമാണ്. സമൂഹത്തിന്റെ അധികാരഘടന

അവളെ 'സ്മാർത്തവിചാര'ങ്ങളിലൂടെയും 'ഭ്രഷ്ടി'ലൂടെയും സദാചാരമുറകളിലൂടെയും കുലീന, കന്യക, പതിവ്രത, സഹധർമ്മിണി തുടങ്ങിയ ധർമ്മപരിവേഷങ്ങളാണ് നൽകാൻ ശ്രമിച്ചിട്ടുള്ളത്; ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതും. എന്നാൽ ലീല ഇതിനെ നിരാകരിക്കാൻവേണ്ടി ജനിച്ചവളാണ്. നവോത്ഥാനകാലഘട്ടത്തിന്റെ ആന്തരികപ്രവണതയും അതുൾക്കൊള്ളുന്ന സംഘർഷവുമാണ്. 'ലീല' അനുഭവിക്കുന്നത്. കീറ്റ്സിന്റെ ഗ്രേഷ്യൻമൺകുംഭത്തിലുള്ള ചിത്രത്തിൽ ചുംബിക്കാൻവെമ്പിനിൽക്കുന്ന കാമിനീകാമുകന്മാരെപ്പോലെ ഈ കാവ്യത്തിൽ അനുരാഗം ഒരു കാത്തിരിപ്പും പ്രതീക്ഷയുമാണ്. സംഭോഗശൃംഗാരത്തിന്റെ മേൽപ്പടവുകളിൽ എത്തിനിന്ന മണിപ്രവാളരതിയെ തിരസ്കരിക്കുകയും ഉപരോധിക്കുകയുമാണ് കാല്പനികമായ വിരഹാതുരത. പ്രണയം കാമുകീകാമുകന്മാരിൽ രോഗാതുരതയും ഉന്മാദവും കൂടിയാണെന്ന് 'നളിനി', 'ലീല'കൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ശുഭഗുണയായ 'കുണവതി' യായ ലീല പ്രണയപരവശയുമാണ്. പാരമ്പര്യചിന്തകളിൽനിന്നും വിട്ടുള്ള ഇത്തരം സംയോജനങ്ങളാണ് 'ലീല'യുടെ ആദ്യഭാഗത്തെ ശ്രദ്ധേയമാക്കുന്നത്. സമൂഹത്തിന്റെ സ്ത്രീവിരോധചിന്തകളുടെ സ്വാധീനത്തിൽ അകപ്പെടുന്ന ലീല ഒന്നാം ഭാഗത്തും (ഭർത്തൃമരണത്തിനുമുമ്പുള്ള ഭാഗം) സ്ത്രൈണതയുടെ ആഘോഷമായി ജീവിതം മാറ്റുന്ന പ്രണയാഗ്നിപേറുന്ന ലീല രണ്ടാംഭാഗത്തും പ്രത്യക്ഷപ്പെടുന്നുണ്ട്. (കാമുകനെ അന്വേഷിച്ചിറങ്ങുന്ന ഭാഗം). ഈ രണ്ടാംഘട്ടത്തിലെ ലീലയാണ് സമൂഹഘടനയുടെ അധീശപ്രത്യയശാസ്ത്രങ്ങളെ ഉപരോധിക്കുന്നതും പ്രണയദാർഢ്യം ആവിഷ്കരിക്കുന്നതും. സമൂഹത്തിന്റെ ഭാഷയിൽ ലീലയെ 'പിതൃനിയോഗഖിന്ന' യായും 'അഴലറിയുന്ന ബാലിക'യായും ചിത്രീകരിക്കുന്നെങ്കിലും തൊട്ടടുത്തുതന്നെ ആശാൻ 'ലീല'യുടെ അനുരാഗത്തിന്റെ ആർജ്ജവത്തെയും ദൃഢതയേയും സ്ഥിരചിത്തത്തേയും തുറന്നുപറയുന്നുണ്ട്

'പഴകിയ തരുവല്ലി മാറ്റിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമവ, മനസ്വിമാർമന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ' (ലീല: 24)

മാത്രമല്ല

'യുവജനഹൃദയം സ്വതന്ത്രമാണവരുടെ
കാമ്യപരിഗ്രഹേച്ഛയിൽ ' (ലീല: 24)

എന്ന് പ്രണയത്തെ സ്വാതന്ത്ര്യമായി നിർവ്വചിക്കുന്നുണ്ട്. ആശാൻ 'ലീല'യിൽ വാഴ്ത്തുന്ന ചെമ്പകഗന്ധമുള്ള തീവ്രമായ സ്വാതന്ത്ര്യേച്ഛതന്നെ പ്രകടമാവുന്നു.

പുരുഷാധിപത്യമൂല്യങ്ങൾ നൽകുന്ന ഗുണവ്യവഹാരമല്ല 'ലീല' മുന്നോട്ടുവെയ്ക്കുന്നത്. പരമ്പരാഗതപുരുഷകേന്ദ്രിതമൂല്യങ്ങൾക്ക് അടിമപ്പെട്ട പുരുഷനുമല്ല മദനൻ. 'അനിഷ്ടദർശനമായി വിവാഹമംഗളത്തിന് വിധേയപ്പെട്ട്' ലീല ഭർത്തൃഗൃഹത്തിലേക്ക് യാത്രപോകുമ്പോഴും പ്രണയിയോട്ട പിരിയുന്ന തനിക്ക് നാഥനോടെന്നാണ് അണയാനാവുക യെന്ന ചിന്തയാലാണ് ദുഃഖിക്കുന്നത്. അതിനാൽത്തന്നെ 'ജനകവിയോഗം' അവൾ അറിഞ്ഞില്ലയെന്നും അവളുടെ വാടിയ മുഖത്തുനിന്നും തന്റെ വിരഹമാണതിനുകാരണമെന്ന് അച്ഛൻ കരുതിയാശ്വസിച്ചെന്നുമുള്ള വൈരുദ്ധ്യത്തെ ലീലയുടെ ആത്മാവിഷ്ക്കാരസന്നദ്ധയായ 'അപര' യെയാണ് വെളിപ്പെടുത്തുന്നത്.(ലീല:31,32) ഭോഗവും ഭാവനയും തമ്മിലിടയുകയും പ്രതിപ്രവർത്തനത്തിലേർപ്പെടുകയും ചെയ്യുമ്പോഴുള്ള അപരസ്വത്വം എപ്പോഴും ലീലയെ വ്യത്യസ്തയാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പുരുഷാധിപത്യപ്രവണതയുള്ള സമൂഹം മുന്നോട്ടുവെയ്ക്കുന്ന 'കുണവതി' യല്ല. സ്വതന്ത്രമായമനസ്സും ധീരതയും ഒരുമിച്ചുചേർന്ന് സംസ്കാരത്തിന്റെ വൈകൃതങ്ങളോടും സ്ത്രീവിരുദ്ധതയോടും പരിഹാസപൂർവ്വം കലഹിക്കുന്ന ഏകാകിയാണ് ലീല.

താൻ കഴിച്ചകനിയുടെ സ്വാദ് പ്രണയപൂർവ്വം തന്റെ പങ്കാളിയും ഇണയുമായ ആദത്തിന് നൽകിയതിന് എന്നും സമൂഹം ഭർത്സിക്കുന്ന ക്രിസ്ത്യൻമിത്താണ് ഹവ്വ. പക്ഷേ, ലീല ഈ കുറ്റവിചാരണകളിൽനിന്ന് വിമുക്തയാണെന്ന് മാധവിയെന്ന തോഴിയുമായുള്ള സംവാദത്തിൽ തെളിയുന്നു.

'മുറ മുഗ്ദ്ധമതേ, മറന്നുനീ
പുറമേ സ്വൈരിണിപോൽ ചരിക്കയോ?
പറ,കെങ്ങനെ സമ്മതിപ്പു ഞാൻ
വെറുമുന്മാദികൾ തന്റെയിത്തൊഴിൽ ' (ലീല: 47)

എന്ന് സമൂഹത്തിന്റെ ഭാഷയിൽ മാധവി ലീലയെ ശകാരിക്കുമ്പോൾ ലീല പ്രതികരിക്കുന്നത് മറ്റൊരു മനസ്സുമായാണ്.

'ഉടലോർക്കുക ബാഹ്യമായതിൽ
തടവും ലോകമതീവ ബാഹ്യമാം
സ്ഫുടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങനെ തോഴി, ദേഹികൾ (ലീല: 59)
അലമിന്നതിഭീതി; യെന്മന-
സ്സലയാ; ഞാനിവയൊന്നുമോർത്തിടാ;
കുലനീതിയെ മാംസകഞ്ചുകം
വിലവയ്ക്കാത്തവർ പേടിയാസഖീ (ലീല: 50)

എന്നിങ്ങനെ ഉടലും ബാഹ്യലോകവും മാംസകഞ്ചുകവും സ്നേഹസൗഹൃദം കുടികൊള്ളുന്ന അന്തരാത്മാവും വിഭിന്നമാണെന്ന് ലീല സമർത്ഥിക്കുന്നു. മാധവിയ്ക്ക് തോഴിയെന്ന ധർമ്മനിർവ്വഹണമാണ് കാവ്യത്തിലുള്ളതെങ്കിലും ലീല തന്റെ ധീരമായ പ്രണയാർപ്പണനിർവ്വഹണഘട്ടത്തോടടുക്കുന്തോറും അവർ മാധവിയെവും മറ്റ് എല്ലാ ബാഹ്യഉടലുകളേയും പരിത്യജിച്ച് ഏകാകിയായി കലഹിക്കുന്ന പ്രണയദാർഢ്യത്തിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു. ലീലയുടെ ഈ ദൃഢാനുരാഗത്തെ കവി തന്റെ നിരിക്ഷണത്താൽ മൂല്യവത്താക്കി മാറ്റുന്നുമുണ്ട്.

'ഇഹ ധർമ്മരഹസ്യമന്തരാ
നിഹിതം, നിത്യവിഭിന്നമാം നയം ' (ലീല: 56)

നിത്യവിഭിമായ നന്മതിന്മകളെ വ്യവസ്ഥാപിതമായ ശരികൾക്കെതിരെ ഒഴുക്കി വിടുന്നുണ്ട് 'ലീല'യിൽ. ഇതിലൂടെ ലീല ശാശ്വതവത്കരിച്ച സ്ത്രൈണാവിഷ്കാരങ്ങളെ ചോദ്യം ചെയ്യുകയും ചെയ്യുന്നു.

ഇത്തരത്തിൽ കലഹിയും പ്രണയിനിയും എന്നാൽ ദൃഢചിത്തയും ധീരയുമായ ലീലയാണ്

അവിരളമഥ പെയ്തു കണ്ണനീ-
രവൾ, കുലനായിക, പോക്കി നാളുകൾ
അവിഹിതത* മറച്ചുനിന്നുഹാ!
യവനികപോൽ പിതൃശോകസംഗതി (ലീല: 71)

* കുറവ്

ഇങ്ങനെ പിതൃമരണത്താലുള്ള ദുഃഖമെന്ന യവനികയാൽ മറച്ച്, വികലബുദ്ധിയായ് മാറിയലയുന്ന തന്റെ ഗുണനിധിയും കാമുകനായ മദനനെയോർത്ത് വിരഹാതുരയായത്. പക്ഷേ, ഈ വിരഹാതുരത അബലയും ചപലയുമായ സ്ത്രീയായല്ല ലീലയെ മാറ്റിയത്, മറിച്ച് അടിയേറ്റ വെള്ളി പോലെയും ഉലയിലൂതിമിനുക്കിയ പൊന്നുപോലെയും (ലീല: 74) മേൽക്കുമേൽ വിലാസവതിയാക്കുകയായിരുന്നു. ഈ ഘട്ടം മുതൽ മാധവിയിൽനിന്നും മാതാപിതാക്കളിൽനിന്നും സാമൂഹ്യഘടനയിൽ നിന്നും ജനാവലോകനത്തിൽനിന്നും വിമുക്തമായൊരു ചിന്തയാർജ്ജിച്ച സ്ത്രീ ലീലയിൽ പ്രവർത്തിക്കാൻ തുടങ്ങുന്നു. സുഖാസനോചിത മാത്രമായ ലീലയും താനും അസഹായനാരിമാരെന്ന് മാധവി വിലപിക്കുന്നെങ്കിലും അവളുടെ നിർദ്ദേശങ്ങളെ വകവെയ്ക്കാതെ, ലീല

കുലനീതിയെ മാംസകഞ്ചുകം
വിലവയ്ക്കാത്തവർ പേടിയാ സഖീ (ലീല: 60)

സ്വപ്നപ്രപഞ്ചത്തിലെ ബാഹ്യേന്ദ്രയങ്ങൾ അകലെയായ് മാറിയ ചിത്ത സത്വങ്ങൾ പോലെയായിരുന്ന ലീലയും മാധവിയും പലദിനം കൊണ്ട് വനാന്തരമണഞ്ഞത്. ലീല സ്ത്രീത്വത്തിന്റെ അധികാര പരിധികളെ അതിലംഘിക്കുകയും തന്റെ സ്ത്രൈണത്തിന്റെ ആവിഷ്കാരസാധ്യതകളെ പരമാവധി പ്രകടിപ്പിക്കുകയും ചെയ്യുന്നു.

പരമ്പരാഗത പുരുഷനിൽനിന്നും വ്യത്യസ്തനാണ് മദനൻ. സ്ത്രീയെ മാത്രമല്ല; പുരുഷഘടനയേയും മറിച്ചിടുകയും എല്ലാം സ്വന്തമാക്കുന്നവനുപകരം എല്ലാം നഷ്ടപ്പെട്ട് ആത്മനിന്ദയിലും അന്യതാബോധത്തിലും അഭിരമിക്കുന്ന നായകനെ സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കുന്നുണ്ട് 'ലീല'യിൽ. അതിവിരൂപനും അസ്ഥിശേഷനുമായ ഈ മദനനെ നോക്കിയാണ് കവി 'ധ്രുവമിഹ മാംസനിബദ്ധമല്ല രാഗം' എന്ന് ഉറക്കെപ്പറയുന്നത്. നായികാനായക സമാഗമത്തിൽ ചട്ടുലതകൾ ആടിടാതെയും വിടപികൾമേലനുമൂർച്ഛയാർന്നുനിന്നും മേളം ഝടിതി നിറുത്തിയ രംഗഭൂമി പോലെ ആ പ്രണയനിഭൃത ചിത്തങ്ങളെ നിർന്നിമേഷം നോക്കി നിൽക്കുന്ന വേളയിൽ, പ്രിയനെ ദയയോടെ തലോടിയുമ്മവെയ്ക്കുന്ന പ്രിയതമയെയാണ് കാണുന്നത്. പുരുഷന്റെ കർതൃത്വത്തെ ഉടച്ചുകളഞ്ഞ് സ്ത്രീബിംബത്തെ തൽസ്ഥാനത്തേയ്ക്കുയർത്താൻ ആശാൻ 'ലീല'യിൽ മുതിരുന്നതുകൊണ്ടാണ് സ്ത്രൈണസ്വത്വത്തിന്റെ നവാവിഷ്കാരമായി ഈ കൃതി മാറുന്നത്.

മുഖവുരയിൽ ആശാൻപറയുംപ്രകാരം തീവ്രപ്രണയിനികളായ നായികാനായകന്മാരെ പുണ്യാത്മാക്കളാക്കുന്നതിനും മുമ്പ് അവർ യഥാർത്ഥമായി അനുഭവിക്കുന്ന ജീവിതത്തിന്റെ കഷ്ടതകളും മാനസികരഹസ്യങ്ങളും അടങ്ങുന്ന താണപടിയിൽ നിൽക്കുന്ന കഥാപാത്രങ്ങളാണ് 'ലീല'യിൽ എന്ന് സ്ത്രീയും പുരുഷനും തെളിയിക്കുന്നുണ്ട്. സമൂഹം നിശ്ചയിച്ചുറപ്പിക്കുന്ന അധികാരപരിധികളെ ഉല്ലംഘിച്ചുകൊണ്ട് മനസ്ഥൈര്യത്തിന്റെ വിജയഭേരി മുഴക്കുന്നവരാണിവർ. വ്യഭിചാരിണീ (സ്വൈരിണി) യേയും പതിവ്രതയേയും ഇരുതട്ടിലാക്കിക്കൊണ്ട് വ്യവസ്ഥിതി നടത്തിയ തുലാഭാരത്തിൽ, ഈ രണ്ടു സംജ്ഞകളെയും പൊളിച്ചെഴുതുകയും പാപവിമുക്തിയും സ്വാതന്ത്ര്യവും ആർജ്ജിക്കുകയും ചെയ്ത, ശാക്തീകരിക്കപ്പെട്ട സ്ത്രീകഥാ പാത്രങ്ങളിൽ ശ്രദ്ധേയമാണ് ആശാന്റെ ലീല.

ദാമ്പത്യം/പ്രണയം/സ്വാതന്ത്ര്യം :

വ്യവസ്ഥാപിതമായ ദാമ്പത്യമുദ്രകളെ വലിച്ചുകീറുകയും സ്വയം നിർമ്മിതമായ മറയ്ക്കുള്ളിൽനിന്നുകൊണ്ട് പ്രണയബദ്ധമായ സ്വാതന്ത്ര്യം

പ്രഖ്യാപിക്കുകയും ചെയ്യുന്ന ലീല. പതിപദവി തന്റെ പരമോന്നത പദവിയായി തെറ്റിദ്ധരിക്കപ്പെടുന്ന സ്ത്രീയല്ല ലീല. കൃതമതി (ബുദ്ധിമതി) യായ അവൾ അകമലിയാതെയും സ്ഫുടമാക്കാതെയും തടശിലപോലെയുമായിരുന്നു. പതിയോടൊത്തുള്ള തരംഗലീലകളിൽ എർപ്പെട്ടിരുന്നത്. സതി പതി എന്നീ ബിരുദങ്ങളെയും ലീല പൊളിച്ചെഴുതുന്നുണ്ട്.

'ക്ഷിതിയിലൊരു പുമാന്റെയെന്നിയേ സതികൾ പരന്റെ ഗുണങ്ങൾ കാണുമോ?'—ഇവിടെ സതിയെന്നത് പരമ്പരാഗത ശൈലിവിട്ടുള്ള അർത്ഥമാണ്. പതിയേയും മാനസപതിയെന്ന മറ്റൊരുതലത്തിൽ വ്യത്യസ്തമാക്കുന്നുണ്ട് ലീല അനുകന് (കാമുകനായ മദനന്) മാനസപതിയാണെന്നും അതിനാൽ വിധവയായ ലീലയ്ക്ക് മദനോന്മുഖം മനം വളർന്നുവെന്നത് സ്വാഭാവികമാണെന്നും പ്രണയദാർഢ്യത്താൽ ഭർതൃവിരഹിണിയായതിൽ അജയില്ലാതെ—ഭാവിയെപ്പറി പേടിയ്ക്കാതെ—ഉദയപുരിയിൽ മദനാങ്കണത്തിൽ അശ്ശങ്കം തിരികെയെത്തുന്നതായി പറയുന്നു.

പ്രണയം, ദാമ്പത്യം എന്നീ പരികല്പനകളെ സമാന്തരമായി നിർത്തുകയും വ്യവസ്ഥാപിതചിന്തകളെ തിരസ്കരിക്കുകയുമാണ് ലീലാ-മദനന്മാർ ചെയ്യുന്നത്. ചേതനയും ഉടലും വ്യത്യസ്തവ്യക്തികൾക്കധീനപ്പെടുത്തുകയും ദാമ്പത്യത്തിന്റെ സ്ഥിരഘടനയിൽനിന്ന് ലീല പുറത്തെത്തി, കാട്ടിലേയ്ക്ക് സ്വേച്ഛയാൽ യാത്ര പുറപ്പെടാൻ ധൈര്യപ്പെടുകയും ചെയ്യുന്നു. മാരാര് അഭിപ്രായപ്പെടുംവിധം ഭർതൃഘാതകിയാകാതെതന്നെ മനോന്മാദിയായി സ്വൈരവിഹാരം നടത്താൻ ലീലയ്ക്കുകഴിയും. കാരണം, അവൾ അകമലിയാത്ത തടശിലപോലെ തന്റെ സ്വത്വം നഷ്ടപ്പെടുത്താത്ത കാമുകിയും കാമുകന്റെ മാനസപതിയുമായിരുന്നു എന്നും. അതിനാൽ, ഘാതകീ പദവിയുടെ ആവശ്യംവരുന്നില്ല.

ദാമ്പത്യത്തിന്റെ പുറംകുപ്പായത്തിൽനിന്നും മോചിതയായി പ്രണയത്തിന്റെ ആത്മീയ സൗന്ദര്യമണിഞ്ഞ് ലീല കാട്ടിലേക്ക് കാമുകാന്വേഷണാർത്ഥം യാത്ര പുറപ്പെടുന്നു. മലയാളത്തിലെ പ്രമുഖനായ നിരൂപകൻ. ഈ യാത്രയെ വിമർശിച്ച് പുച്ഛിക്കുന്നത് ഇപ്രകാരമാണ്. 'ഇഷ്ടമുള്ള സമയത്ത് സ്ത്രീകൾ ഇഷ്ടമുള്ളവരെ പ്രേമിച്ച് പാതിരാത്രിയിൽ കാടുകളിലേക്കു പാഞ്ഞു എന്നതാണോ ഈ സ്ത്രീകഥാപാത്രങ്ങൾ (നളിനി, ലീല) ഉയർത്തുന്ന വിപ്ലവമൂല്യം?' ('കാവ്യകല കുമാരനാശാനിലൂടെ'—പി.കെ. ബാലകൃഷ്ണൻ)

മമതാബന്ധങ്ങളെയും ജീവിതബാദ്ധ്യതകളെയും തൃണവദ്ഗണിച്ച് ലീല കാട്ടിലേക്കു നടത്തുന്ന യാത്ര അവളുടെ സ്വാതന്ത്ര്യേച്ഛയുടെ പരമമായ പ്രകടനമാണ് . ഇത്തരം സ്ത്രീകളെ മേല്പറഞ്ഞ വിപ്ലവമൂല്യം

കൊണ്ട് അളക്കാനാവുന്നതല്ലെന്ന് 'ലീല' യിലെ 3-ാം സർഗ്ഗത്തിന്റെ ഉജ്ജ്വലമുഹൂർത്തങ്ങൾ തെളിയിക്കുന്നു. പ്രകൃതിയുടെ ജലനിപാതത്തിൽ വനസ്ഥലികളിൽ സന്ധിയ്ക്കുന്ന ലീലാമദനന്മാർ, മാനവികതയുടെ ആദിമചേതനകളിലേയ്ക്കു ആത്മത്തെ ലയിപ്പിച്ച് സായൂജ്യം നേടുന്നവരാണ്. പഴയവ്യവസ്ഥിതിയുടെ ചിഹ്നങ്ങൾ ആദ്യഭാഗത്ത് പ്രത്യക്ഷപ്പെടുന്നെങ്കിലും അവയ്ക്കകത്ത് പുതിയ സ്ത്രീയും പുരുഷനുമാണ് ലീലാകാവ്യത്തിൽ അടയാളപ്പെടുത്തുന്നത്. സ്ത്രീസഹജമായ പരതന്ത്രത, പരാശ്രയത്വം, ഭീരുത്വം എന്നിവയുടെയെല്ലാം പരിധികളെ അതിലംഘിച്ചു കൊണ്ടാണ് ലീല മദനനെത്തേടി കാട്ടിലേക്ക് പുറപ്പെടുന്നത്. വീട്, വ്യവസ്ഥിതി, പുരുഷൻ, ഭർത്താവ്, അച്ഛൻ തുടങ്ങിയവയിൽനിന്നുള്ള മോചനവും സ്വതന്ത്രപ്രയാണവുമാണ് ലീല നടത്തുന്നത്.

സവർണ്ണമേധാവിത്വം ഊട്ടിയുറപ്പിക്കുന്ന ദേശചര്യയും സ്ത്രീപുരുഷബന്ധം, രതി, ലൈംഗികത ജാതിവ്യവസ്ഥ ഇവയിൽ നിന്നും ഭിന്നമായ സ്ത്രീപുരുഷന്മാരാണ് ലീലയും മദനനും. കീഴാളപദവി നൽകപ്പെടുന്ന സ്ത്രീയുടെ സാമൂഹികമായ മുന്നേറ്റം, അവളുടെ പുതിയ കർത്തൃത്വം ഇവയെല്ലാം ലീല യിലെ സ്ത്രൈണ ഉപരോധത്തിന്റെ ആവിഷ്കാരസംധ്യതകളാവുന്നു. സ്നേഹത്തെ ദാമ്പത്യത്തിൽ കൊണ്ടെത്തിക്കുന്ന പരമ്പരാഗത മൂല്യവ്യവസ്ഥിതിയെ തകർത്തെറിയുകയും പുതിയ സ്നേഹവൈവിധ്യങ്ങളെ യഥാർത്ഥമായ വൈകാരിക തീവ്രതയോടെ അനുഭവിപ്പിക്കുകയും ചെയ്യുന്ന ലീല. ഉന്മാദം, ഭ്രഷ്ടകാമുകൻ, പ്രണയപരവശമായ നിത്യകാമുകി തുടങ്ങിയ കഥാപാത്രസ്വത്വങ്ങൾക്കെല്ലാം അഭയം കാടാണ്. ഗുരുജനഭയത്താൽ പ്രണയപഞ്ജരസ്ഥയായ ലീലയുടെ മോചനം അവൾ സ്വയം നേടിയെടുക്കുന്നു. ഈ സ്വാതന്ത്ര്യാഭിവാഞ്ഛയെ നവോത്ഥാന കലയിൽ കണ്ടെത്താവുന്ന പുതുസംവേദനത്വം കൂടിയായിരുന്നു. അന്തഃചോദനയാൽ ഉദ്യുക്തയായ ലീലയുടെ യാത്ര നാട് വെടിഞ്ഞ് നാട്ടാചാരങ്ങൾ കുസാത്തവളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു. അതുകൊണ്ടാണ് സീതയിൽ ഉപ്രകാരം പറയുന്നത് : തിരിയെശ്ശോഭനമല്ല ജീവിതം പിരിയേണമരങ്ങിൽ നിന്നുടൻ ശരിയായിക്കളിതീർന്ന നട്ടുവൻ (ചിന്താവിഷ്ടയായ സീത—ആശാൻ)

പ്രകൃതിയിൽ ലയിച്ചില്ലാതാവുകയും നാടിനെ നിരസിക്കുകയും ചെയ്യുന്ന ലീല-മദനന്മാർ സ്ത്രൈണസ്വത്വത്തിന്റെ പ്രതിസ്ഥാപനവും പുരുഷകർത്തൃത്വത്തിന്റെ പൊളിച്ചെഴുത്തുമാണ് ലീലാ കാവ്യത്തിൽ നിർവ്വഹിക്കുന്നത്.